അംഗൻവാടി ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകാൻ നടപടി

37 (191) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) അംഗൻവാടി ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഐ.സി.ഡി.എസ്. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ഓണറേറിയം അടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്ന സാമൂഹ്യപ്രവർത്തകരാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. ഇവർക്ക് റിട്ടയർമെന്റിന് നിശ്ചിതപ്രായപരിധിയില്ല. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു സമിതിയാണ് അംഗൻവാടി വർക്കറായും ഹെൽപ്പറായും തെരഞ്ഞെടുക്കുന്നതിനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കുന്നത്. ഈ ലിസ്റ്റിലുള്ളവരെ സ്ഥിരം ഒഴിവുകളിലേക്ക് നിയോഗിക്കപ്പെടുന്ന പക്ഷം സ്ഥിരം അംഗൻവാടി വർക്കറും ഹെൽപ്പറുമായി അവർക്ക് തുടരാവുന്നതാണ്. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിച്ചു 2 വർഷം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. അതിനാൽ സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നടപടി

38 (192) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടി ജീവനക്കാരുടെ പെൻഷൻ ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് റിപ്പോർട്ട് നൽകാൻ സർക്കാർ ആരെയാണ് ചുമതലപ്പെടുത്തിയത് ;

(ബി) ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ച് നൽകിയിരുന്നുവോ; എങ്കിൽ എന്തെല്ലാം ;

(സി) എന്നാണ് സർക്കാർ ഈ കാര്യത്തിൽ ചുമതല നൽകിയത്; തീയതി വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly